കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/925/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി:15-09-2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങളും, തടസ്സങ്ങളും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
3)കാര്യാലയ പകർപ്പ്.

mac9/2020

നം. കെ.എസ്.എ.എം.പി.എം.22/925/2020 തിയ്യതി:15-09-2020

## മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-03-2019 മുതൽ 30.6.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.സതീഷ് മാവേലി പുത്തൻവീട് , ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01-07-2020 മുതൽ 10-07-2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. നസ്സീർ .ടി.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സക്കീർ ഹുസൈൻ .പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ്.പി.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലത .ഒ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഷജീർ .കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.ഹബീബ കരുവള്ളി | 01.04.2018 മുതൽ 31.03.2019വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സി.പി.രാജീവൻ | 01.04.2018 മുതൽ 31.5.2018 വരെ |
| ശ്രീമതി.കെ പ്രേമലത(ഇൻ ചാർജ്) | 1.06.2018 മുതൽ 24.06.2018 വരെ |
| ശ്രീരാജീവ്.പി.കെ | 25.06.2018 മുതൽ 20.3.2019 വരെ |
| ശ്രീമതി.കെ പ്രേമലത (ഇൻ ചാർജ്) | 21.3.2018AN മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സജിത.ടി.ബി | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീ.ജോൺ.ജെ. | 22.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മുജീബ് റഹ്മാൻ.പി.എം | 01.04.2018 മുതൽ 17.6.18 വരെ |
| | ശ്രീ.ജോൺസൺ( അഡീ. ചാർജ്) | 18.6.18 മുതൽ 3.07.2018 വരെ |
| | ശ്രീ.ഷബീബ്.പി | 4.7.18AN മുതൽ 15.01.2019 വരെ |
| | ശ്രീ.അനിൽ കുമാർ ചോലയ്ക്കൽ( അഡീ. ചാർജ്) | 16.1.19 മുതൽ 10.03.2019 വരെ |
| | ശ്രീമതി.വിമല.പി. | 11.3.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അജിന. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഉണ്ണികൃഷ്ണൻ ആർ | 01.04.2018 മുതൽ വരെ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിത്ത്.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സരള എം.സി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. യൂസഫ് അറയ്ക്കൽ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബിന ശശിധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മാജിദാ ഹൈദർ | 01.04.2018 മുതൽ 15.07.2018വരെ |
| | ഡോ.ബിന്ദു വിജയൻ | 16.7.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സ്മിത ജെയിംസ് | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വസ്തു നികുതി- അപാകത | 1-12 |
| | | |

| | | |
|---|---|---|
| 13 | വസ്തു നികുതി - കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു. | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-15 |
| 16 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-16 |
| 17 | സ്കൂളിൽ ഷീപാഡ് സംവിധാനം-കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല. | 1-17 |
| 18 | കൃത്യമായ സ്റ്റോക്ക് വിവരം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 1-18 |
| 19 | ലൈഫ്-ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-19 |
| 20 | അഗതി രഹിത കേരളം -പ്രോജക്ട് കാര്യക്ഷമമായി നടപ്പിലാക്കണം. | 1-20 |
| 21 | സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല. | 1-21 |
| 22 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല. | 1-22 |
| 23 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ- ഒരു അവലോകനം | 1-23 |
| 24 | റോഡ് വർക്കുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല. | 1-24 |
| 25 | പാറക്കടവ് കുടിവെള്ള പദ്ധതി. പൂർത്തിയാക്കാനായില്ല. | 1-25 |
| 26 | വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ | 1-26 |
| 27 | കിണറിന് ഗ്രിൽ വർക്ക് - അധിക തുക നൽകി | 1-27 |
| 28 | പി.എച്ച്.സിയിൽ ടോയ്‌ലറ്റ് - ലക്ഷ്യം കൈവരിക്കാനായില്ല | 1-28 |
| 29 | സിമന്റ് പോയന്റിങ്ങ് നടത്തിയില്ല. തുക അനുവദിച്ചു | 1-29 |
| 30 | ചെറിയ എസ്റ്റിമേറ്റുള്ള വർക്കുകളുടെ എണ്ണം കൂടുതൽ | 1-30 |
| 31 | എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ വർക്കുകളും ചെയ്തില്ല. | 1-31 |
| 32 | മേസനറി വർക്ക് - അധിക തുക നൽകി | 1-32 |
| 33 | NREGS മെറ്റീരിയൽ പർച്ചേസ് GST അടവാക്കിയിട്ടില്ല | 1-33 |
| 34 | പ്രിന്റിംഗ് തുക അനുവദിച്ചത് ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ബില്ലിന്മേൽ | 1-34 |
| 35 | ഇ-ടെൻണ്ടർ ടെൻണ്ടർഫീ ഈടാക്കാൻ നടപടി സ്വീകരക്കണം | 1-35 |
| 36 | പൊതു ടാപ്പ് -സംയുക്ത പരിശോധന നടത്തണം | 1-36 |
| 37 | കാർഷിക പ്രോജക്ടുകളുടെ നിർവഹണം-മോണിറ്ററിംഗ് കാര്യക്ഷമമാക്കണം | 1-37 |
| 38 | മരുന്ന ലഭ്യമാക്കിയില്ല. | 1-38 |
| 39 | ശുചിത്വമിഷൻ ഫണ്ട് - മുഴുവൻ ചെലവു രേഖകളും ഹാജരാക്കിയില്ല | 1-39 |
| | ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല. | |
| | ഭാഗം III<br>ചെലവ് വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 40 | കിണറിന് ഗ്രിൽ വർക്ക് - അധിക തുക നൽകി | 3-1 |
| 41 | മേസനറി വർക്ക് - അധിക തുക നൽകി | 3-2 |
| | ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 42 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 44 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 46 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 47 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 48 | ഓഡിറ്റ് റിക്കവറി | 4-7 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 50 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധങ്ങൾ | |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 54 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് | 2 |
| 55 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റുമെന്റ് | 3 |
| 56 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 24.3.2018 ലെ 1(2)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 14.02.2019 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 04.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 3739872 |
| വരവ് | 58514263 |
| ആകെ | 62254135 |
| ചെലവ് | 53996363 |
| നീക്കിയിരുപ്പ് | 8257772 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9086601 | 9086601 | 9086601 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3046000 | 3046000 | 2853267 | 192733 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 38000 | 38000 | 0 | 38000 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 15681000 | 15681000 | 14983836 | 697164 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2780000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4218000 | 4218000 | 3998813 | 219187 |
| എൻ. ആർ. ഇ. ജി.എസ് (ഭരണച്ചെലവ്) | 5204 | 424856 | 430060 | 428382 | 1678 |
| എൻ. ആർ. ഇ. ജി.എസ് (ഗുണഭോക്താക്കൾക്ക് നേരിട്ട് ) | 0 | 7593457 | 7593457 | 7593457 | 0 |
| SBI (സഞ്ചയ) | 46526 | 1655586 | 1702112 | 1266480 | 435632 |
| MSCB (തനത് ) | 1589699 | 7840243 | 9429942 | 4451252 | 4978690 |
| ട്രഷറി | 172032 | 10868596 | 11040628 | 10770144 | 270484 |
| KGB (സാനിറ്റേഷൻ ) | 1982957 | 552431 | 2535388 | 502864 | 2032524 |
| joint venture A/C | -60714 | 3235723 | 3175009 | 2640592 | 534417 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 61033094 | 188 | 40891931 | 60 | 6 | 74% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5204 | 424856 | 430060 | 428382 | 1678 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 7593457 | 7593457 | 7593457 | 0 |
| ആകെ | 5204 | 8018313 | 8023517 | 8021839 | 1678 |

# 1-7 ക്ഷേമ പദ്ധതികൾ.

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 56760 | 31 |
| | | |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2863700 | 218 |
| വിധവാ പെൻഷൻ | 9815200 | 760 |
| വാർദ്ധക്യകാല പെൻഷൻ | 9050600 | 684 |
| വികലാംഗ പെൻഷൻ | 3828300 | 209 |
| വിവാഹധന സഹായം | 60000 | 2 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 145200 | 13 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.7.2020 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 30.6.2020 ലെ കലക്ഷൻ തുക 6405 രൂപ അതേ ദിവസം തന്നെ ബാങ്കിൽ അടവാക്കിയതിനാൽ നീക്കിയിരിപ്പ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

3) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.
4) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

5) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പു വരുത്തേണ്ടതുമാണ്.
6)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും. വാർഷിക പദ്ധതി നിർദ്ദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ/പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.
8)കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രൊജക്ട് നിർവഹണത്തോടനുബന്ധിച്ചുള്ള മോണിറ്ററിംഗ് കാര്യക്ഷമമല്ല.അഗതികേരളം പദ്ധതി കാര്യക്ഷമമാക്കേണ്ടതാണ്.
9)ഹെഡ്മാസ്റ്റർ,സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കൃത്യമായി എഴുതി സൂക്ഷിയ്ക്കേണ്ടതാണ്.
10)മെഡിയ്ക്കൽ ഓഫീസർ പ്രൊജക്ട് രജിസ്റ്ററും ടി.ആർ 7എ ക്യാഷ് ബുക്കും വെറ്റിനറി സർജൻ ടി.ആർ 7എ ക്യാഷ് ബുക്കുംസൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.1.2020 മുതൽ 22.1.2020 വരെ. | 01.12.2019 മുതൽ 30.12.2019 വരെ | 22.1.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.5.2006 മുതൽ 28.5.2006 വരെ. | 1997-98 മുതൽ 2005-06 | 21.6.2006 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. 2017-18 വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ തുകകളൊന്നും പിരിച്ചെടുക്കാനവശേഷിക്കുന്നില്ല. എന്നാൽ, 2018-19 വാർഷികക്കണക്ക് പ്രകാരം വാണിജ്യ കെട്ടിടങ്ങളുടേത് 16,744രൂപയും, വാസഗൃഹങ്ങളുടേത് 19,211 രൂപയും കുടിശ്ശികയായി പിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള ഡിമാന്റ് / വരവ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 13,49,240 രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ RP-1 ൽ 13,23,990രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിൻെറ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

4. മൂന്ന് മാസത്തിലധികമായിട്ടും എൻകാഷ് ചെയ്യാത്ത ചെക്കുകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

6. തൊഴിലുറപ്പ് പദ്ധതി വരവ് I-6 ഷെഡ്യൂൾ പ്രകാരം 80,18,313 രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് 1,04,28,427 (1,00,00,045+4,28,382) രൂപയാണ്.

7. വാർഷികക്കണക്ക് പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുക 17,15,365 ആണ്. എന്നാൽ സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരം ആയത് 24,15,365 രൂപയാണ്.

8. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം GWDന് നൽകിയ 1,87,000രൂപ മുൻകൂർ ക്രമീകരിക്കാനവശേഷിക്കുന്നു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് 1,05,355 രൂപയാണ്.

10. പി.എച്ച്.സി. മെഡിക്കൽ ഓഫീസർ TR 7A കാഷ്ബുക്കിലല്ല പഞ്ചായത്ത് വരവ് ചെലവുകൾ രേഖപ്പെടുത്തുന്നത് .

11. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുകളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12. മുൻവർഷ താരതമ്യ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13 . മുൻ വാർഷിക കണക്കിലെ (2017-18) അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടില്ല.

# 1-12 വസ്തു നികുതി- അപാകത

1, ശ്രീ. മുഹമ്മദലി, കുരി വീട്, വടക്കാങ്ങര എന്നയാൾ A7/2926 /17 dtd 13.10.2017 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ പണി പൂർത്തിയാക്കിയ കെട്ടിടത്തിലെ xiii/463 E, Fഎന്നീ മുറികൾക്ക് പാർപ്പിടാവശ്യം [കൈവശ ഗണം A1] എന്ന കൈവശ ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് [അസസ്മെന്റ് തിയ്യതി 1.12.2018]. ഒരു മുറിയും ബാത്ത് റൂമും മാത്രം ഉൾപ്പെടുന്ന മേൽ കെട്ടിടങ്ങളെ ലോഡ്ജ് [കൈവശ ഗണം A2] ഇനത്തിൽ ഉൾപ്പെടുത്താതെ പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽഡിംഗ് നമ്പർ | വിസ്തീർണം [$m^2$] | ചുമത്തിയ വസ്തു നികുതി [(@ Rs 3/-per $m^2$)+ 20 വർദ്ധനവ്] | ചുമത്തേണ്ട വസ്തു നികുതി [(@ Rs 20/-per $m^2$)+ 20 വർദ്ധനവ്] | കുറവ് |
|---|---|---|---|---|---|
| 1 | XII/463 E | 34.55 | 125 | 829 | 704 |
| 2 | XII/463 F | 34.55 | 125 | 829 | 704 |
| ആകെ | | | | | 1408 |

2. ശ്രീമതി. ഹലീമ ചുള്ളിക്കുലാവൻ വീട്, വടക്കാങ്ങര എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ VI/22E, H, Iഎന്നീ മുറികൾക്ക് പാർപ്പിടാവശ്യം [കൈവശ ഗണം A1] എന്ന കൈവശ ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ചുമത്തിയിട്ടുള്ളത് [അസസ്സ്മെന്റ് തിയ്യതി 17.4.2018]. ഒരു മുറിയും ബാത്ത് റൂമും മാത്രം ഉൾപ്പെടുന്ന മേൽ കെട്ടിടങ്ങളെ ലോഡ്ജ് [കൈവശ ഗണം A2] ഇനത്തിൽ ഉൾപ്പെടുത്താതെ പാർപ്പിടാവശ്യത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽഡിംഗ് നമ്പർ | വിസ്തീർണം [$m^2$] | ചുമത്തിയ വസ്തു നികുതി [(@ Rs 3/-per $m^2$) | ചുമത്തേണ്ട വസ്തു നികുതി [(@ Rs 20/-per $m^2$)+10 വർദ്ധനവ്] | കുറവ് |
|---|---|---|---|---|---|
| 1 | VI/22E | 15.43 | 47 ( 20 %വർദ്ധനവ്, 20% ഇളവ്] | 339 | 292 |
| 2 | VI/22 H | 32.63 | 108 ( 20 %വർദ്ധനവ്, 10% ഇളവ്] | 718 | 610 |
| 3 | VI/22 I | 32.63 | 108 ( 20 %വർദ്ധനവ്, 10% ഇളവ്] | 718 | 610 |
| ആകെ | | | | | 1512 |

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/ 9.7.2020) സെക്രട്ടറി നൽകിയമറുപടിയിൽ പ്രസ്തുത കെട്ടിടങ്ങൾ ഉൾപ്രദേശത്തായതിനാലാണ് ഈ നിരക്കിൽ നികുതി നിർണ്ണയിച്ചതെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

നികുതി പുനർ നിർണ്ണയിച്ച് ലൈബ്രറി സെസ് ഉൾപ്പെടെ കുറവുള്ളത് ഈടാക്കേണ്ടതാണ്.

## 1-13 വസ്തു നികുതി - കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ , ഓരോ മുറിയുടെയും തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| അനുവദിച്ച നം | കെട്ടിട ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഈടാക്കിയ നിരക്ക് / ച.മീ. | ഈടാക്കേണ്ട നിരക്ക്/ ച.മീ. |
|---|---|---|---|---|
| VI/21 Dമുതൽ G വരെ | അബ്ദുൽ സമദ്, കരുവാട്ടിൽ | 178.4 | 30 | 60 |
| III/115 G ,H,J,K,L,M | പാറക്കൽ അബ്ദുൾകരീം | 152.78 | 30 | 60 |
| III/ 423 A മുതൽ F വരെ, Kമുതൽ M വരെ | അബ്ദുൾകരീം തയ്യിൽ | 232.51 | 30 | 60 |
| VIII/ 133 E,F,G | കൊളക്കാന്താറ്റിൽ റഷീദ്, വടക്കാങ്ങര | 126.24 | 30 | 60 |
| Xiii/ 199 A മുതൽ Hവരെ, | അബ്ദുൾകലാം ആസാദ്.കെ.വി, വടക്കേതിൽ | 289.62 | 30 | 60 |
| Xiii/404 A മുതൽ j വരെ | മൂസക്കുട്ടി തറയിൽ , മക്കരപ്പറമ്പ് | 273.66 | 30 | 60 |

ന്യൂ ബിൽഡിങ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ 2018-19 വർഷത്തിൽ ഇത്തരത്തിൽ നികുതി അസസ് ചെയ്ത എല്ലാ കെട്ടിടങ്ങളുടെയും വിവരം ലഭ്യമായിട്ടില്ല.

വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകരിച്ച ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ടവിരുദ്ധമാണ്. ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്.

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/ 9.7.2020) സെക്രട്ടറി നൽകിയമറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളിൽ ഓരോന്നും ഓരോ ഡിമാന്റ് ആയി കണക്കാക്കി ഓരോ ഡിമാന്റിലുമുള്ള വിസ്തീർണ്ണം മാത്രം കണക്കാക്കി നികുതി നിർണ്ണയിക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്തിൽ തുടരുന്നത് എന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

നികുതി പുനർ നിർണ്ണയിച്ച് കുറവുള്ളത് ഈടാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ലൈസൻസ് രജിസ്റ്റർ പ്രകാരം, ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുത്ത താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2018-19 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ലൈസൻസ് രജിസ്റ്റർക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 356 | എം.ഷീജ, റേഷൻ കട, വടക്കാങ്ങര | 2018-19 ഒന്നും രണ്ടും |
| 357 | കെ.സുരേന്ദ്രൻ , റേഷൻ കട | 2018-19 ഒന്നും രണ്ടും |
| 358 | കമല പി.സി , റേഷൻ കട | 2018-19 ഒന്നും രണ്ടും |
| 371 | കെ.സുകുമാരൻ , റേഷൻ കട , മക്കരപ്പറമ്പ് | 2018-19 ഒന്നും രണ്ടും |
| 372 | അബ്ദുള്ളതയ്യിൽ , റേഷൻ കട , കാച്ചിനിക്കാട് | 2018-19 ഒന്നും രണ്ടും |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/ 9.7.2020) സെക്രട്ടറി നൽകിയ മറുപടിയിൽ റേഷൻ കടയിൽ അധിക ജീവനക്കാരില്ല എന്ന മറുപടിയാണ് നൽകിയത്. ആയത് അംഗീകരിക്കാവുന്നതല്ല.തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷത്തിൽ വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ സഞ്ചയ വസ്തു നികുതി നിർണ്ണയ രേഖകളിൽ നിന്നും 2018-19 വർഷത്തിൽ നികുതി അസസ് ചെയ്ത കെട്ടിടങ്ങളുടെ വ്യക്തമായ വിവരം ലഭ്യമല്ല. വസ്തു നികുതി- ന്യൂ ബിൽഡിങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-16 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം ( നിർവ്വഹണം സെക്രട്ടറി)

| പ്രൊജക്ട് | ബിൽ നം/തീ | തുക | സ്ഥാപനം |
|---|---|---|---|
| 18/19-മൂർക്കനാട് കുടിവെള്ള പദ്ധതി | 17/18-19/15.12.18 | 820000 | KWA |
| 102/19-MPGUP സ്കൂളിന് കുടിവെള്ളം | 10/18-19/30.8.18 | 115000 | KWA |
| 3/19 -എസ്.എസ്.എ വിഹിതം | 4/18-19/22.5.18 | 300000 | SSA |
| 4/18-19-എസ്.എസ്.എ വിഹിതം (എസ്.സി ) | 5/18-19/22.5.18 | 200000 | SSA |
| 136/19-അംഗനവാടികൾക്ക് മോട്ടോർ | 29/18-19/13.3.19 | 271000 | KWA |
| 157/19-കരുവള്ളി കുളമ്പ് കുടിവെള്ള പദ്ധതി | 21/18-19/20.2.19 | 37000 | KWA |
| | | | |

| | | | |
|---|---|---|---|
| 170/19-എറുമ്പത്ത് കുടിവെള്ള പദ്ധതി | 22/18-19/19.11.18 | 29490 | KWA |
| 171/19-അയ്യപ്പ പറമ്പ് കുടിവെള്ള പദ്ധതി | 23/18-19/ 19.11.18 | 41020 | KWA |
| 250/19 -മൂർക്കനാട് കുടിവെള്ള പദ്ധതി | 18/18-19/20.12.18 | 100000 | KWA |
| 282/19 -പൊത്തുകുന്ന് GLPS ന് കുഴൽ കിണർ | 25/18-19/19.12.18 | 47900 | KWA |
| ആകെ | | 1961410 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ തുക 1961410/-രൂപ തടസ്സപ്പെടുത്തുന്നു. (എൻക്വയറി നം.4/18-19/8-7-2020)

# 1-17 സ്ക്കൂളിൽ ഷീപാഡ് സംവിധാനം-കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല.

എംപിജിയുപി സ്കൂളിൽ ഷീപാഡ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജെക്ട് നമ്പർ | 246/18-19 സ്പിൽ ഓവർ |
| പ്രോജെക്ടിന്റെ പേര് | എംപിജിയുപി സ്കൂളിൽ ഷീപാഡ് സംവിധാനം |
| ചെലവ് | 22480 രൂപ<br>തനത് ഫണ്ട് |
| ചെക്ക്നമ്പർ/തിയതി | 2225517/23-3-19 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

എംപിജിയുപി സ്കൂളിൽ ഷീപാഡ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 62,480 രൂപ ചെലവ് വന്നിട്ടുണ്ട്. ആയതിൽ 40,000 രൂപ മുൻ വർഷം അടവാക്കിയിട്ടുണ്ട്. തൻവർഷം 22,480 രൂപ ഹെഡ്മാസ്റ്റർക്ക് നൽകിയിട്ടുണ്ട് (കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ).മേൽ തുക കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ അടവാക്കിയതിന്റെ കൈപ്പറ്റ് രശീതി ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 2 /7-7-2020 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ രശീതി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചിട്ടുണ്ട്
.രശീതി ലഭ്യമാക്കുന്നതുവരെ 22,480 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-18 കൃത്യമായ സ്റ്റോക്ക് വിവരം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സർക്കാർ പ്രൈമറി സ്കൂളുകൾക്ക് ഫർണ്ണിച്ചർ നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജെക്ട് നമ്പർ | 45/18-19 |
| പ്രോജെക്ടിന്റെ പേര് | പഞ്ചായത്തിലെ സർക്കാർ പ്രൈമറി സ്കൂളുകൾക്ക് ഫർണ്ണിച്ചർ നൽകൽ |
| അടങ്കൽ | 4,00,000 രൂപ<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 3,97,484രൂപ |
| ബിൽ നമ്പർ/തിയതി | 1/18-19 തി. 23-11-18 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

വിവിധ സർക്കാർ പ്രൈമറി സ്കൂളുകൾക്ക് നൽകുന്നതിനായി കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും താഴെ പറയും പ്രകാരം ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നമ്പർ MJRI/18-19/0075 24-9-2018)

| ക്രമനമ്പർ | ഇനം | വില | എണ്ണം | ആകെ വില |
|---|---|---|---|---|
| 1 | സ്റ്റീൽ ബഞ്ച് | 2440 | 27 | 65880 |
| 2 | സ്റ്റീൽ ഡസ്ക്ക് | 3120 | 27 | 84240 |
| 3 | റിവോൾവിംഗ് ചെയർ മീഡിയം ബാക്ക് വിത്ത് പുഷ് ബാക്ക് | 5976 | 1 | 5976 |
| 4 | സ്റ്റീൽ ടേബിൾ വിത്ത് 1 കബോർഡ് ആന്റ് 3 ഡ്രോയർ | 7004 | 1 | 7004 |
| 5 | സ്റ്റീൽ ടേബിൾ വിത്ത് 1 കബോർഡ് ആന്റ് വൺ ഡ്രോയർ | 5466 | 10 | 54660 |
| 6 | സ്റ്റീൽ കാബിനറ്റ് വിത്ത് ലോക്കർ | 9916 | 1 | 9916 |
| 7 | സ്റ്റീൽ കാബിനറ്റ് വിത്ത് 4 ഫിക്സ്ഡ് ഷെൽവ്സ് | 9399 | 3 | 28197 |
| 8 | സ്റ്റീൽ കാബിനറ്റ് വിത്ത് ഗ്ലാസ്സ് ഡോർ | 10374 | 4 | 41496 |
| 9 | ഹാർഡ് വുഡ് ആം ചെയർ പ്ലാങ്ക് സീറ്റ് ആന്റ് റീപ്പർ ബാക്ക് | 3234 | 10 | 32340 |
| 10 | ഹാർഡ് വുഡ് റീഡിംഗ് ടേബിൾ | 7142 | 1 | 7142 |
| | ജി എസ് ടി | | | 60633 |
| | ആകെ | | | 3,97,484 |

മേൽ ഫർണ്ണിച്ചർ വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 3,97,484 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് 6/8-7-2020 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-19 ലൈഫ്-ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രോജക്റ്റ് നം- 49/2018-19 ലൈഫ് ഭവന പദ്ധതി(ജനറൽ)

ചെലവ്- 40,00,000

നിർവ്വഹണം- വി.ഇ.ഒ

ലൈഫ്-ഭവന നിർമ്മാണ പദ്ധതി പ്രകാരം ഏതാനും ഗഡുക്കൾ കൈപ്പറ്റിയ താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ അനുവദിച്ച തുക |
|---|---|---|
| 1. | സറീന വള്ളിക്കാടൻ | 360,000 |
| 2. | സീനത്ത് പൊട്ടൻ കുന്നൻ | 350,000 |
| 3. | സുരേഷ് ബാബു.കെ& പ്രിയ | 360,000 |
| 4. | വിശാലാക്ഷി പള്ളിയാലിൽ | 360,000 |
| 5. | | |

| | | |
|---|---|---|
| | സുനിൽ കുമാർ വലിയ പറമ്പിൽ | 350,000 |
| 6. | കദീജ കുണ്ടുടുക്ക | 360,000 |
| 7. | സാദിഖ്& ഷിഫാനത്ത്, പരിയംകോടൻ | 360,000 |
| 8. | നസീറ,കിഴക്കേക്കര | 350,000 |
| 9. | വിജയലക്ഷ്മി കോലോത്തൊടി | 344911 |
| 10. | പാത്തുമ്മ കുറുക്കൻകുന്നു പറമ്പിൽ | 300,000 |
| 11. | ലൈലാബി, കുളീരി | 300,000 |
| 12. | സജിത പള്ളിയാലിൽ | 280,000 |
| 13. | സിൻസി മുതു വീട്ടിൽ | 280,000 |
| | ആകെ | 4354911 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് വി.ഇ.ഒ.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/9.7. 2020) നൽകിയ മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന സാങ്കേതിക പ്രശ്നങ്ങൾ മൂലമാണ് അവസാന ഗഡു നൽകാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചു. അവശേഷിച്ച ഗഡുക്കൾ നൽകിയതിന്റെ വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

# 1-20 അഗതി രഹിത കേരളം -പ്രോജക്ട് കാര്യക്ഷമമായി നടപ്പിലാക്കണം.

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ ആശ്രയ റിവിസിറ്റ് പ്രോജക്ടിന്റെ അവസാന ഘട്ടത്തിൽ 59 ഗുണഭോക്താക്കളാണ് നിലവിലുണ്ടായിരുന്നത്. അവശേഷിക്കുന്ന തുക ചാലഞ്ച് ഫണ്ട് 9,84,633 രൂപയായിരുന്നു. ആകെ 55,64,542 രൂപയുടെ അടങ്കലാണ് അഗതി രഹിത ഗ്രാമം പദ്ധതിക്കായി വകയിരുത്തിയത്. ഇതിൽ 30,00,000 രൂപ പ്ലാൻ വിഹിതവും, 21,35,542 രൂപ ചാലഞ്ച് ഫണ്ടും 4,29,000 സ്പോൺസർഷിപ്പും ഉൾപ്പെടുന്നു

ആശ്രയ ഗുണഭോക്താക്കളായിരുന്ന കുടുംബങ്ങളെ ഉൾപ്പെടുത്തി അഗതി രഹിത ഗ്രാമം സ്കീമിൽ 13 വാർഡുകളിലുമായി നിലവിൽ 66 കുടുംബങ്ങളാണ് ഉൾപ്പെടുന്നത്. ഭക്ഷണം, ചികിൽസ, വസ്ത്രം, വീട്, വിദ്യാഭ്യാസം, വിട് റിപ്പയർ, എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 10.03.2019 നാണ് അഗതി രഹിത ഗ്രാമം പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ഭക്ഷണകിറ്റ് വിതരണം, വിദ്യാഭ്യാസം എന്നീ ഇനങ്ങളിൽ മാത്രമാണ് ഈ സ്കീമിന്റെ ഭാഗമായി നിലവിൽ ചെലവ് നടന്ന് വരുന്നത്. നേരത്തെ അവശേഷിച്ച ചലഞ്ച് ഫണ്ടിനത്തിലുള്ള 9,84,633 രൂപയിൽ നിന്നാണ് നിലവിൽ ചെലവ് നടന്നു വരുന്നത്. (അക്കൗണ്ട് നമ്പർ 40299101046540 കേരള ഗ്രാമീണ ബാങ്ക് മക്കരപ്പറമ്പ്)

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് അഗതി രഹിത കേരളത്തിന്റെ ഭാഗമായി ചെലവുകളൊന്നും നടത്തിയിട്ടില്ല. അഗതിരഹിത കേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കാനാവുന്നില്ല.

തൻ വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ മാത്രം 61 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിലെ 51 പ്രവൃത്തികളും തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട് .പത്ത് പ്രോജക്ടുകൾ വീണ്ടും സ്പിൽ ഓവർ ആവേണ്ട സാഹചര്യം ആണ്. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.മാത്രമല്ല 10 പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽ ഓവറായി എന്നത് പദ്ധതി പ്രവർത്തനങ്ങളിലെ ആസൂത്രണ നിർവഹണ ഘട്ടങ്ങളിലെ വീഴ്ച്ചകൾ കാരണമാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതീയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക

ക്രമീകരണങ്ങൽ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് ഏങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ മിക്ക പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. മിക്ക ടെണ്ടർ പ്രവൃത്തികളിലും ( ഇ-ടെണ്ടർ, ഏതാനും റോഡ് കോൺക്രീറ്റ് വർക്കുകൾ ഒഴികെ) രണ്ടാൾ വീതമാണ് പങ്കെടുത്തിട്ടുള്ളത്. ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റൊരുകരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ടാണ് ടെണ്ടർ സമർപ്പിക്കുന്നത്. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും അടുത്തത് കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ധാരണയുണ്ടാക്കുന്നതായി ഇത് വ്യക്തമാക്കുന്നു. മത്സര സ്വഭാവമില്ലാത്ത ഇത്തരം ടെണ്ടർ നടപടി മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാകുന്നു. ഇങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത ഒഴിവാക്കി മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ഇ-- ടെണ്ടർ നൽകുന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. വികസന സ്ഥിരം സമിതിയുടെ സജീവ ഇടപെടൽ അനിവാര്യമായ മേഖലയാണിത് എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു. പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കരാറുകാരാണ് എന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകൾ- ഒരു അവലോകനം

ഓഡിറ്റ് വർഷം മക്കരപ്പറമ്പ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 180 പ്രോജക്ടുകളാണ് ഏറ്റെടുക്കുന്നത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 31752208 രൂപയാണ്. ചെലവഴിക്കാനായത് 20598790 രൂപയും. അതായത് 64.87 ശതമാനം മാത്രം. ക്യൂ ബില്ലുകൾ ഇല്ല എന്നും കാണുന്നു. ഏറ്റെടുത്ത പ്രോജക്ടുകളിൽ 50എണ്ണം നിർവഹണം നടത്തിയിട്ടില്ല . സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപെടുത്തുന്നതാണ്. 11153418 രുപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇത്രയും തുകയുടെ ഗുണഫലം പൊതു സമൂഹത്തിന് ലഭ്യമാക്കാനായില്ല എന്നത് ഗൌരവതരമാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്.വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

പദ്ധതി രൂപീകരണ പ്രക്രിയ നേരത്തേ പൂർത്തിയാക്കി, ഭരണ സാങ്കേതികാനുമതി ലഭ്യമാക്കി, യഥാസമയം കരാർ വെച്ച്, സൈറ്റ് കരാറുകാർക്ക് കൈമാറിയിട്ടും പ്രവൃത്തി പൂർത്തിയാകാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്. ഇപ്രകാരം യഥാസമയം സൈറ്റ് കൈമാറിയിട്ടും പ്രവൃത്തി പൂർത്തിയാക്കാത്ത കാരാറുകാർക്ക് എതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്.

## 1-24 റോഡ് വർക്കുകളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

നിർവഹണം നടത്തിയ ആകെയുള്ള 130 പൊതു മരാമത്ത് പ്രവൃത്തികളിൽ 95 എണ്ണവും റോഡ് വർക്കുകളാണ്. ഏകദേശം മുപ്പത് മീറ്റർ - നൽപത് മീറ്റർ മാത്രമാണ് റോഡ് പ്രവൃത്തികൾ ചെയ്തു വരുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ പ്രവൃത്തിയുടെ ചെയിനേജ്, വാർഡ് നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തി വരുന്നില്ല. താരതമ്യേന കുറഞ്ഞ നീളം മാത്രമാണ് ഗ്രാമീണ റോഡുകൾക്ക് ഉള്ളത്. ചെയ്നേജ് രേഖപ്പെടുത്താതെ പ്രവൃത്തികൾ നിർവഹിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഒരേ പേരിൽ പല വർക്കുകളും പദ്ധതിയിൽ ഉൾപെടുന്നുണ്ട് എങ്കിലും (ഉദാഃ-71/15,87/15 വർക്കുകൾ) ഇവയുടെ ചെയിനേജ് ലഭ്യമല്ലാത്തതിനാൽ വർക്കുകളുടെ കൃത്യത ബോധ്യമാവുന്നില്ല.

മാത്രമല്ല നിർഹണം നടത്തുന്ന റോഡ് ഗ്രാമ പഞ്ചായത്തിന്റെ ആസ്തിയാണോ എന്ന് വിലയിരുത്താവുന്ന യാതൊരു പരാമർശവും പ്രോജക്ടിലോ, പ്രോജക്ട് ഫയലിലോ ഉൾപെടുന്നില്ല.

റോഡ് പ്രവത്തികളുടെ എസ്റ്റിമേറ്റിൽ ചെയ്നേജ്, വാർഡ് നമ്പർ എന്നിവ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 പാറക്കടവ് കുടിവെള്ള പദ്ധതി. പൂർത്തിയാക്കാനായില്ല.

വാർഡ് 12 ലെ പാറക്കടവ് കുടിവെള്ള പദ്ധതി കഴിഞ്ഞ മൂന്ന് വർഷമായി പദ്ധതിയിൽ ഉൾപെട്ട് വരുന്നുണ്ട്. 2016-17 വർഷം തുടങ്ങിയ പ്രോജക്ട് സ്പിൽ ഓവറായി തുടർന്ന് വരുന്നതായിട്ടാണ് വ്യക്തമാവുന്നത്.

കിണർ, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ ബ്ളോക്ക് പഞ്ചായത്ത് മുഖേന എം.എൽ. എ ഫണ്ട് ഉപയോഗിച്ച് നിർവഹിക്കുന്നു എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്ന് വ്യക്തമാവുന്നത് . പഞ്ചായത്ത് പ്രോജക്ടിൽ പതിനായിരം ലിറ്ററിന്റെ ഓവർ ഹെഡ് ടാങ്ക് സ്ഥാപിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. ധന കാര്യ കമ്മീഷൻ ഗ്രാന്റ് 111419 രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്.

ഉസ്മാൻ . കെ.പി എന്ന കൺവീനറാണ് വർക്ക് ചെയ്യുന്നത്. 83707 രൂപ ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയ വർക്കിന് 747 രൂപ വീതം ഇൻകം ടാക്സ്, വെൽഫയർ ഫണ്ട് എന്നിവ കുറവ് ചെയ്ത് 82213 രൂപ ബിൽ 12/21.5.2018 പ്രകാരം കൺവീനർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

താഴെ രേഖപ്പെടുത്തിയ വസ്തുതകൾ ലഭ്യമാക്കേണ്ടതാണ്.

1-എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സോഴ്സ്, പമ്പിങ്ങ് മെയിൻ, വിതരണ ലൈൻ എന്നിവ ബ്ളോക്ക് പഞ്ചായത്ത് നിർവഹിക്കുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. നിലവിലെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2-പമ്പ് ഹൌസ്, മോട്ടോർ, വൈദ്യുതി കണക്ഷൻ എന്നിവ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് അനിവാര്യ ഘടകങ്ങളാണ്. എന്നാൽ ഈ ഘടകങ്ങൾ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

3- മൂന്ന് വർഷമായി ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നതായി കാണുന്നു. ഗുണഭോക്ത സമിതി തന്നെ നേരിട്ട് നിർവഹിക്കുന്ന ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്.

4- ഈ കുടിവെള്ള പദ്ധതിയിൽ ഏതൊക്കെ ഇനങ്ങളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത് എന്ന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
ടാങ്കിനായി ചെലവഴിച്ച തുക പാഴ്ചെലവാകാതിരിക്കാനും, നിർമ്മിച്ച വാട്ടർ ടാങ്ക് നിഷ്ക്രിയ ആസ്തിയായി മാറാതിരിക്കാനും സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 വികസന കാര്യസ്ഥിരം സമിതി- ഒരു വിലയിരുത്തൽ

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

ഓഡിറ്റ് കായലളവിൽ വികസന കാര്യസ്ഥിരം സമിതി 14 തവണ യോഗം ചേർന്ന് പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം അടുത്ത വർഷത്തേക്കുള്ള പദ്ധതി രൂപീകരണ ചർച്ച എന്നിവ നടത്തുന്നതായി മിനുടസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു. പ്രത്യേകിച്ച് നിർവഹണം ആരംഭിച്ചിട്ടില്ലാത്ത / നിർവഹണ പുരോഗതിയില്ലാത്ത പ്രോജക്ടുകുടെ കാര്യത്തിൽ വിശകലനം നടത്തുന്നില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടുന്നതിനും സ്ഥിരം സമിതി ജാഗ്രത പുലർത്തിയിട്ടില്ല എന്ന് വികസന സ്ഥിരം സമിതിയുടെ മിനുട്സ് ബുക്ക് വ്യക്തമാക്കുന്നു. പ്രോജക്ടുകളുടെ ആവശ്യകത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥമാണ് വികസന സ്ഥിരം സമിതി. ഇത്തരം ബോഡികളെ സാങ്കേതികവും നിയമപരവുമായ ഒരു ഘടകമായി

മാത്രം മാറ്റുന്നത് ലഭ്യമായ ഫണ്ട് വിവേചന രഹിതമായി ഉപയോഗിക്കുന്നതിന് ഇടയാക്കുന്നു. സ്ഥിരം സമിതികളുടെ മീറ്റിങ്ങുകൾ ഭരണപരമായ കടമ നിർവഹിക്കുന്നതിന് മാത്രമാവുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-27 കിണറിന് ഗ്രിൽ വർക്ക് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി കിണറിന് മുകളിലെ ഗ്രിൽ സ്ഥാപിച്ചതിന് DSR 9.48.1, DSR 10.16.1 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.1 പ്രകാരമുള്ള നിരക്ക് ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. 10.16.1 എന്നത് ട്യൂബുലാർ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ്സ് വർക്കുമായി ബന്ധപ്പെട്ടതുമാണ്. ഗേറ്റ്, അതുമായി സാമ്യമുള്ള പ്രവൃത്തികൾ എന്നിവക്ക് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.വിശദമായ പരാമർശം ഭാഗം മൂന്നിൽ ഉൾപെടുത്തിയിട്ടുണ്ട്.

## 1-28 പി.എച്ച്.സിയിൽ ടോയ്‌ലറ്റ് - ലക്ഷ്യം കൈവരിക്കാനായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ237/19 സ്പിൽ ഓവർ പ്രോജക്ട് പി.എച്ച്.സിയിൽ ടോയ്ലറ്റ് നിർമിക്കുന്നതിനാണ്. വികസന ഫണ്ട് 294200 രൂപ വകയിരുത്തിയ പ്രോജക്ടിൽ , ബിൽ നമ്പർ 114/23.03.2019 പ്രകാരം 226912 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

DSR 2016, Cost Index 37.25 % അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 26 ഇനങ്ങൾ ഉൾപെടുന്നുണ്ട്. 4.2mtr8*4.7mtr സൈസിലുള്ള കോൺക്രീറ്റ് സ്ട്രച്ചർ, സോളിഡ് ബ്ലോക്ക് മേസിനറി, സിമന്റ് പ്ലാസ്റ്ററിങ്ങ്, സ്റ്റീൽ വെന്റിലേറ്റർ, സിമന്റ് പ്രൈമർ, ടൈൽ വിരിക്കൽ, ഡിസ്റ്റമ്പർ ചെയ്യൽ, പി.വി.സി ഡോർ, ക്ലോസറ്റ് സ്ഥാപിക്കൽ, വാഷ് ബേസിൻ, വാട്ടർ സപ്ളെക്കായുള്ള പൈപ്പ് സ്ഥാപിക്കൽ, 500 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിക്കൽ പി.വി.സി സെപ്റ്റിക്ക് ടാങ്ക് സ്ഥാപിക്കൽ എന്നീ ഇനങ്ങൾ ഉൾപെടുന്നുണ്ട്.

എസ്റ്റിമേറ്റ് നിരക്കിൽ മുഹമ്മദ് അഷ്റഫ് .സി എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത്. എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടം നിലവിൽ പ്രയോജനപ്പെടുത്താവുന്ന വിധത്തിലല്ല എന്ന് ആരോഗ്യ വകുപ്പ് ജീവനക്കാർ സാക്ഷ്യപ്പെടുത്തുന്നു. ഇപ്രകാരമുള്ള പ്രോജക്ടുകളിൽ കെട്ടിടം പൂർണ്ണമായിതന്നെ പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ ഘടകങ്ങൾ ഉൾപെടുത്തേണ്ടതും ഒറ്റ വർക്കായി ചെയ്ത് നടപ്പ് വർഷം തന്നെ പ്രോജക്ട് ഗുണഫലങ്ങൾ പൊതു സമൂഹത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. 2017-18ൽ തുടങ്ങിയ ഈ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചില്ല എന്നത് പദ്ധതി പ്രവവർത്തനങ്ങളിലെ പിഴവും അപക്വമായ വികസന കാഴ്ച്ചപ്പാടുമാണ് എന്ന് വിലയിരുത്തുന്നു.

പ്രൊജക്ട് ലക്ഷ്യം കൈവരിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 സിമന്റ് പോയന്റിങ്ങ് ചെയിനേജ് വ്യക്തമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ 240/19 സ്പിൽ ഓവർ പ്രോജക്ട് അമ്പലക്കുത്ത് ഇരിക്കപ്പറമ്പ റോഡ് സൈഡ് കെട്ടി സംരക്ഷിക്കുന്നതിനാണ്. തനത് ഫണ്ട് പതിനായിരം രൂപയും ബ്ളോക്ക് വിഹിതം ഒന്നര ലക്ഷം രൂപയും ഉൾപെടെ 160000 രൂപയാണ് അടങ്കൽ.

എസ്റ്റിമേറ്റ് നിരക്കിൽ മുഹമ്മദലി. പി എന്ന കാരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത്. പ്രവൃത്തി പൂർത്തിയാക്കി ചെക്ക് 2337184/27.12.2018 പ്രകാരം തനത് ഫണ്ട് തുകയും 1872211/27.11.2018 പ്രകാരം ബ്ളോക്ക് വിഹിതവും കരാറുകാരന് നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരം 120 മീറ്റർ DR വർക്ക് ചെയ്യുന്നതിനും, ഇനം 6 പ്രകാരം അത്രയും സ്ഥലത്ത് 13.33.1 പ്രകാരമുള്ള പോയന്റിങ്ങ് ചെയ്യുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. അളവുകൾ രേഖപ്പെടുത്തിയ 126/17-18 അളവ് പുസ്തകത്തിൽ

126.21m2 അളവിൽ സിമന്റ് പോയന്റിങ്ങ് നടത്തിയതായും ഇതിന് 231/m2 നിരക്കിൽ 29180 രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയിൽ സിമന്റ് പോയന്റിങ്ങ് നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. റോഡിന്റെ ചെയിനേജ് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ, പ്രവൃത്തിയുടെ നേരിട്ടുള്ള പരിശോധനയും സാധ്യമല്ല. പ്രവൃത്തികളുടെ ചെയിനേജ് നിർബന്ധമായും എസ്റ്റിമേറ്റിൽ /എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-30 ചെറിയ എസ്റ്റിമേറ്റുള്ള വർക്കുകളുടെ എണ്ണം കൂടുതൽ

ആകെ പ്രോജക്ടുകളിൽ മുപ്പത് എണ്ണവും 50000 രൂപയിൽ കുറഞ്ഞ എസ്റ്റിമേറ്റുള്ള പ്രവൃത്തികളും 40 പ്രവൃത്തികൾ ഒരു ലക്ഷം രൂപയിൽ താഴെ എസ്റ്റിമേറ്റുള്ളവയുമാണെന്ന് കാണുന്നു. പതിമൂന്ന് വാർഡുകളാണ് ഗ്രാമ പഞ്ചായത്തിൽ ഉള്ളത്. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ പ്രാധാന്യം മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നു. എന്നാൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നതായിട്ടാണ് കാണുന്നത്.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും കാണുന്നു.യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ച എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല.വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും അതുവഴി പദ്ധതികളുടെ എണ്ണം കുറക്കുന്നതിനും ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയറും മാത്രമുള്ള എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. പ്രോജക്ടുകളുടെ എണ്ണം കുറക്കേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുത്തിയിട്ടും , ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ മാത്രം തയ്യാറാക്കിയതിനാലും 11153418 രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ മക്കരപ്പറമ്പ ഗ്രാമ പഞ്ചായത്തിലെ പൊതുസമൂഹത്തിന് നഷ്ടപെടുന്നതിന് ഇടയാക്കിയിട്ടുണ്ട്.

പതിമൂന്ന് വാർഡുകൾ മാത്രമുള്ള പഞ്ചായത്തിൽ, പൊതു മരാമത്ത് വർക്കുകളുടെ എണ്ണം കുറച്ച് ലഭ്യമാവുന്ന ഫണ്ട് പൂർണമായ രീതിയിൽ ഉപയോഗപ്പെടുത്താവുന്ന വിധത്തിൽ വികസന കാഴ്ച്ചപ്പാടിൽ തിരുത്തൽ വരുത്താൻ ഭരണസമിതി തയ്യാറാകേണ്ടതാണ്.

## 1-31 എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ പ്രവൃത്തി ഇനങ്ങളും നടപ്പാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ കാളാവ് അംഗനവാടി റിപ്പയർ എന്ന 206/19 പ്രോജക്ട് സ്പിൽ ഓവറായിട്ടാണ് നടപ്പ് വർഷം പദ്ധതിയിൽ ഉൾപെടുത്തിയിട്ടുള്ളത്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഒരു ലക്ഷ രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് മൂന്ന് ലക്ഷം രൂപയും ഉൾപെടെ നാല് ലക്ഷം രൂപയാണ് പ്രോജക്ട് അടങ്കൽ. 18.2 ശതമാനം ബിലോ നിരക്കിലാണ് കരാറുകാരനായ ശ്രീ.മുഹമ്മദലി .ടി പ്രവൃത്തി ഏറ്റെടുത്തത്. പ്രവൃത്തിക്കായി ബിൽ 56/18.12.2018 പ്രകാരം 159492 രൂപയും ബിൽ 53/26.11.2018 പ്രകാരം 100000 രൂപയും പിൻവലിച്ച് കാരാറുകാരന് നൽകിയിട്ടുണ്ട്.

317227 രൂപ പ്രവൃത്തി മൂല്യമുള്ള വർക്കിന് ടെണ്ടർ ബിലോ 57735 രൂപ കുറവ് ചെയ്ത് 259492 രൂപ അടിസ്ഥാനമാക്കിയാണ് പേയ്മെന്റ് നടത്തിയത്. പ്രോജക്ട് ഫയൽ പരിശോധിച്ച് താഴെ രേഖപ്പെടുത്തിയ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-ആകെ പ്രവൃത്തി മൂല്യം 317227 രൂപയും, ബിൽ തുക 259492 രൂപയുമാണ്. ഇതിൽ നിന്ന് 2595 രൂപ വീതം ഇൻകം ടാക്സ് , വെൽഫയർ ഫണ്ട് എന്നിവ കുറച്ച് ബിൽ മാറുന്നത് 26.11.2018 , 18.12.2018 എന്നീതിയ്യതികളിലാണ്. രണ്ടര

ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് GST tds ചെയ്യേണ്ടതാണ് എങ്കിലും അപ്രകാരം ചെയ്തിട്ടില്ല .

2-എസ്റ്റിമേറ്റ് (2017/105514) ഇനം പത്ത് കോമ്പൌണ്ട് വാളിന് ഗേറ്റ് പണിയുന്നതിനാണ്. ഇതിനായി തുക വകയിരുത്തി എങ്കിലും ഗേറ്റ് സ്ഥാപിച്ചിട്ടില്ല എന്ന് വ്യക്തമാവുന്നു. പ്രവൃത്തി നിർവഹിക്കാതിരുന്നത് എന്ത് കൊണ്ട് എന്ന് വ്യക്തമാക്കേണ്ടതാണ്.

ടെണ്ടർ ബിലോയുള്ള വർക്കുകളിൽ മതിയായ കാരണം ഇല്ലാതെ ഇനങ്ങൾ ഒഴിവാക്കുന്ന പ്രവണത ആശാവഹമല്ല എന്ന് അഭിപ്രായപ്പെടുന്നു.

## 1-32 മേസനറി വർക്ക് - അധിക തുക നൽകി

ഏതാനും വർക്കുകളിൽ കോഴ്സ്ഡ് റബ്ൾ മേസനറി ചെയ്തതിന് DSR 7.7.1 പ്രകാരമുള്ള നിരക്കനുസരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഈ വർക്കുകളിൽ DSR 7.1.1 പ്രകാരമുള്ള റാന്റം റബ്ൾ മേസനറി മാത്രം ചെയ്താൽ മതിയായിരുന്നു. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. പരാമർശിത വർക്കുകളിൽ RR മേസനറി ഒഴിവാക്കി അധിക നിരക്ക് ഉൾപെടുന്ന ഇനം അനുവദിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമല്ല. ഈ വർക്കുകളിൽ 7.7.1 നൽകേണ്ട സാഹചര്യം വരുന്നില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-33 NREGS മെറ്റീരിയൽ പർച്ചേസ് TDS അടവാക്കിയിട്ടില്ല

18-19 ൽ നിർവ്വഹണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന NREGS മെറ്റീരിയൽ പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽ ഇ-ടെൺണ്ടർ മുഖേന വാങ്ങിയതിൽ കോൺട്രാക്ടർ സമർപ്പിച്ച ബില്ലുകളിൽ GST വിവരം രേഖപ്പെടുത്താതെയാണ് സമർപ്പിട്ടുള്ളത് .

കോൺട്രാക്ടർ ശ്രീ .മുഹമ്മദാലി തങ്കായത്തിൽ (GSTIN :32AEPPT3216A1ZU ബിൽ തീയ്യതി )

| പ്രവൃത്തി | മെറ്റീരിയൽ തുക | IT @ 1% | TDS @ 2% | ഇൻവോയ്സ് നം |
|---|---|---|---|---|
| 1.അയ്യപ്പറമ്പ് റോഡ് കോൺക്രീറ്റ് (W2 ) | 21730 | 218 | 435 | ഇൻവോയ്സ് നം 30 / 4.2.19 |
| 2.കുളത്തറക്കാട് റോഡ് (W3) | 180306 | 1804 | 3607 | ഇൻവോയ്സ് നം 27/24.1.19 |
| 3.പോത്തുകുണ്ട് കോളനി റോഡ് (W4) | 153150 | 1532 | 3064 | ഇൻവോയ്സ് നം 26 / 4.2.19 |
| 4.മാലോട്ടിൽ പാത്ത് വേ (W5) | 90030 | 900 | 1800 | ഇൻവോയ്സ് നം 31 / 4.2.19 |
| 5.കിഴക്കേകുളമ്പ് റോഡ് (W6) | 90030 | 900 | 1800 | ഇൻവോയ്സ് നം 32/ 4.2.19 |
| 6.പൊന്നങ്ങതൊടി റോഡ് (W7) | 149576 | 1495 | 2991 | ഇൻവോയ്സ് നം 37 / 4.2.19 |
| 7.പുളിക്കുന്ന് റോഡ് (W8) | 180306 | 1803 | 3606 | ഇൻവോയ്സ് നം 33/ 4.2.19 |
| 8.ഉമ്മത്തൂർ റോഡ് (W9) | 67216 | 672 | 1344 | ഇൻവോയ്സ് നം 34 / 4.2.19 |
| 9.ചെരങ്കര റോഡ് (W10) | 305854 | 3058 | 6117 | ഇൻവോയ്സ് നം 28/ 24.1.19 |
| 10.കുഴിയോങ്ങൽ റോഡ് (W12) | 58994 | 589 | 1179 | ഇൻവോയ്സ് നം 35 / 4.2.19 |
| 11.ചീനിക്കപ്പറമ്പ് റോഡ് (W13) | 43113 | 431 | 862 | ഇൻവോയ്സ് നം 36 / |

| | | | | |
|---|---|---|---|---|
| | | | | 4.2.19 |
| ആകെ | 1340309 | 13403 | 26806 | |

ബില്ലിൽ നിന്നും 1ശതമാനം ആദായ നികുതിയും 2ശതമാനം ജി.എസ്.ടി.യും ഈടാക്കിയിട്ടുണ്ടെങ്കിലും കോൺട്രാകടർ E Way bill ഹാജറാക്കിയിട്ടില്ല. ആയത് ഹാജറാക്കേണ്ടതാണ്. ഈടാക്കിയ ടി.ഡി.എസ് ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കേണ്ടതാണ്.

## 1-34 പ്രിന്റിംഗിന് തുക അനുവദിച്ചത് ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ബില്ലിന്മേൽ

പഞ്ചായത്തിലെ വിവിധ പ്രിന്റിംഗ് പ്രവർത്തികൾക്ക് പ്രസ്സിന് തുക അനുവദിച്ചപ്പോൾ GST രജിസ്ട്രേഷൻ ഇല്ലാത്ത ബില്ലുകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത് വിശദവിവരം ചുവടെ ചേർക്കുന്നു. (GST രജിസ്ട്രേഷൻ ഇല്ലാത്ത സംഗതിയിൽ ആയത് ഈടാക്കി അടവാക്കേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ് )

| വൗച്ചർ /തീ | തുക | റിമാർക്ക്സ് |
|---|---|---|
| 21800989/23.3.2019 | 60572 | 42022 /-പ്രിൻറിങ് ചാർജ്ജ് ഇനത്തിൽ വിസ്മ പ്രിൻറേഴ്സ് ,മേൽമുറി ,മലപ്പുറ ത്തിന് നൽകിയ തുക<br>18550/-വർണ്ണം ആർട്സ് ,ന് ബാനർ പ്രിൻറിങ് ന് നൽകിയ തുക |
| 21800110/22.5.2018 | 43609 | 43609/-പ്രിൻറിങ് ചാർജ്ജ് ഇനത്തിൽ വിസ്മ പ്രിൻറേഴ്സ് ,മേൽമുറി ,മലപ്പുറ ത്തിന് നൽകിയ തുക |
| 21800124/28.5.2018 | 3350 | -പ്രിൻറിങ് ചാർജ്ജ് ഇനത്തിൽ വിസ്മ പ്രിൻറേഴ്സ് ,മേൽമുറി ,മലപ്പുറ ത്തിന് നൽകിയ തുക |
| 21800232/10.7.2018 | 2650 | -പ്രിൻറിങ് ചാർജ്ജ് ഇനത്തിൽ വിസ്മ പ്രിൻറേഴ്സ് ,മേൽമുറി ,മലപ്പുറ ത്തിന് നൽകിയ തുക |
| 218001018/28.3.19 | 21700 | -പ്രിൻറിങ് ചാർജ്ജ് ഇനത്തിൽ വിസ്മ പ്രിൻറേഴ്സ് ,മേൽമുറി ,മലപ്പുറ ത്തിന് നൽകിയ തുക |
| ആകെ | 131881 | |

ബില്ലുകളിൽ GST ഉറപ്പ് വരുത്തി തുക അനുവദിക്കേണ്ടതാണ്

## 1-35 ഇ-ടെൻണ്ടർ ടെൻണ്ടർഫീ ഈടാക്കാൻ നടപടി സ്വീകരിക്കണം

ഓഡിറ്റ് വർഷം ഇ – ടെണ്ടർ NREGS പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചതിൽ ടെണ്ടർ ഫോം വില നാളിത് വരെയും ഗ്രാമ പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | ടെണ്ടർ ഫോം വില | പങ്കെടുത്തവർ | ആകെ തുക |
|---|---|---|---|---|
| വിവിധ തൊഴിലുറപ്പ് പ്രവൃത്തികൾക്ക് മെറ്റീരിയൽ പർച്ചേസ് (സെക്രട്ടറി) | 2700000 | 6000 +GST | 2 | 12000 |
| 225/19 കരുവള്ളി കുളമ്പ് റോഡ് (അസി.എൻജിനിയർ )എൽ.എസ്.ജി.ഡി | 600000 | 1200+ GST | 4 | 4800 |

ടെണ്ടർ ഫോം വില തിരികെ ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-36 പൊതു ടാപ്പ് -സംയുക്ത പരിശധന നടത്തണം

പഞ്ചായത്ത് പരിധിയിൽ ഉള്ള 57പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 24938/-രൂപ പ്രതിമാസം (പ്രതിവർഷം ടാപ്പ് ഒന്നിന് 5250/-നിരക്കിൽ) അടവാക്കി വരുന്നു. ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല . കഴിവതും പൊതു ടാപ്പുകൾ ഒഴിവാക്കി വ്യക്തിഗത കണക്ഷൻ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ നിർദ്ദേശമുള്ളതാണ് . വ്യക്തിഗത കണക്ഷൻ (സബ്സിഡിയോടെ) പ്രോത്സാഹിപ്പിക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. അത്യാവശ്യം വേണ്ട പൊതു ടാപ്പ് നിലനിർത്തി ബാക്കിയുള്ളവ ഒഴിവാക്കേണ്ടതാണ്. മുൻ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

## 1-37 കാർഷിക പ്രോജക്ടുകളുടെ നിർവഹണം-മോണിറ്ററിംഗ് കാര്യക്ഷമമാക്കണം

2018-19 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 7 പ്രോജക്ടുകളാണ് നിർവഹണം നടത്തിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ നിർവഹണത്തിനായി ആകെ 21,90,640 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റ മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ കാർഷിക പ്രോജക്ടുകളുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കാർഷിക മേഖലയിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കാമെന്ന് കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്.

## 1-38 മരുന്നു ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെപേര് :പരിരക്ഷപദ്ധതി

പ്രൊജക്ടനം : 23/19
നിർവ്വഹണം: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

അടങ്കൽ :വികസനഫണ്ട് - 517720

തനതുഫണ്ട് -132280

ആകെ -650000

ചെലവ് : 6,29,299/-

മേൽ പദ്ധതിയിലുൾപ്പെടുത്തി, കിടപ്പിലായ രോഗികൾക്കു മരുന്നു വാങ്ങുന്നതിനുവേണ്ടി 1,90,000/- രൂപ ബിൽ നമ്പർ 17/19 തീയതി 14-01-19 പ്രകാരം പിൻവലിച്ച് കെ എം എസ് സി എല്ലിന് നൽകിയിട്ടുണ്ട്. തുക 14.1.19ന് കൈപ്പറ്റിയിട്ടുമുണ്ടെങ്കിലും പ്രഫോർമ ഇൻവോയ്സ് (നം പി.ആർ .എഫ് 3439/21.12.18) പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.ലഭ്യമായ മരുന്നിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം &തീയതി | തുക |
|---|---|
| 1291/19.11.19 | 8278 |
| 8691/19.11.19 | 47052 |
| 1898/9.5.20 | 11226 |
| 952/24.4.20 | 1871 |
| 767/18.4.20 | 25702 |
| | |

| | |
|---|---|
| 10741/10.2.20 | 21930 |
| 9669/9.20 | 8322 |

ആകെ 124381/-

65619 രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാൻ അവശേഷിയ്ക്കുന്നു. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെവിവരം ഓഡിറ്റിനെ അറിയി ക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് (നം. 17/9.7.20) മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ 65619/-രൂപ ഓഡിറ്റൽ തടസ്സം ചെയ്യുന്നു.

## 1-39 ശുചിത്വമിഷൻ ഫണ്ട് - മുഴുവൻ ചെലവു രേഖകളും ഹാജരാക്കിയില്ല

പഞ്ചായത്തിലെ 13വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണത്തിനു വേണ്ടി സെക്രട്ടറി ,മെഡിയ്ക്കൽ ഓഫീസർ(ആരോഗ്യം) ക്കു താഴെ പറയും പ്രകാരം ശുചിത്വമിഷൻ ഫണ്ട് കൈമാറിയിട്ടുണ്ട്.

| ചെക്ക് നം | തുക |
|---|---|
| 21800127/31.52018 | 65000 |
| 21800128/31.52018 | 130000 |

ആകെ 195000/-

എന്നാൽ 7വാർഡുകളിൽ നിന്നുള്ള 94333 രൂപയുടെ ചെലവു രേഖകൾ മാത്രമാണ് പരിശോധനയ്ക്കുഹാജരാക്കിയിട്ടുള്ളത്.അവശേഷിയ്ക്കുന്ന 100667 രൂപയുടെ ചെലവു രേഖകൾ കൂടി പരിശോധനയ്ക്കു ഹാജരാക്കേണ്ടതാണ്.അതുവരെ 100667രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഭാഗം-2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കിണറിന് ഗ്രിൽ വർക്ക് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി കിണറിന് മുകളിലെ ഗ്രിൽ സ്ഥാപിച്ചതിന് DSR 9.48.1, DSR 10.16.1 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്ക് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

DSR 9.48.1 പ്രകാരമുള്ള നിരക്ക് ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. 10.16.1 എന്നത് ട്യൂബുലാർ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ്സ് വർക്കുമായി ബന്ധപ്പെട്ടതുമാണ്. ഗേറ്റ്, അതുമായി സാമ്യമുള്ള പ്രവൃത്തികൾ എന്നിവക്ക് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത് എന്നത് പ്രസ്തുത ഡാറ്റയിൽ നിന്ന് വ്യക്തമാണ്. ഈ നിരക്കാണ് നൽകി വരുന്നതും.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

| ക്രമനം | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | വടക്കാങ്ങര ലക്ഷം വീട് കോളനി കിണറിന് ഗ്രിൽ (169/19)<br>ബിൽ 125/25.3.2109 തുക 18744<br>അളവ് പുസ്തകം 84/18-19<br>കരാറുകാരൻ : ശ്രീ. ഹനീഫ. ടി<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016 | 130.5 Kg | 18744 @143.63/Kg | 15394 @117.96/Kg | 3350 |
| 2 | ഇരിക്കപ്പറമ്പ കോളനി പൊതു കിണർ സംരക്ഷണം (77 /19)<br>ബിൽ 120/25.3.2019 തുക 16061<br>അളവ് പുസ്തകം 82/18-19<br>കരാറുകാരൻ ശ്രീ.ഹനീഫ. ടി<br>കോസ്റ്റ് ഇൻഡക്സ് 37.25% DSR 2016 | 111.8 kg | 16061 @143.63/Kg | 13188 (@117.96/kg) | 2873 |
| | | | | | 6223 |

## 3-2 മേസനറി വർക്ക് - അധിക തുക നൽകി

താഴെ രേഖപ്പെടുത്തിയ വർക്കുകളിൽ കോഴ്സ്ഡ് റബ്ൾ മേസനറി ചെയ്തതിന് DSR 7.7.1 പ്രകാരമുള്ള നിരക്കനുസരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളിലെല്ലാം തന്നെ DSR 7.1.1 പ്രകാരമുള്ള റാന്റം റബ്ൾ മേസനറി മാത്രം ചെയ്താൽ മതിയായിരുന്നു. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. പരാമർശിത വർക്കുകളിൽ RR മേസിനറി ഒഴിവാക്കി അധിക നിരക്ക് ഉൾപെടുന്ന ഇനം അനുവദിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമല്ല. ഈ വർക്കുകളിൽ 7.7.1 നൽകേണ്ട സാഹചര്യം വരുന്നില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവൃത്തി | അളവ് | നൽകാവുന്ന തുക DSR2016. Item 7.1.1 @5443.13 | നൽകിയ തുക DSR2016. Item 7.7.1 @5938.05 | അധികം |
|---|---|---|---|---|---|
| 1 | പി.എച്ച്.സി യിൽ ടോയ്ലറ്റ് നിർമ്മാണം (237/19)<br>കരാറുകാരൻ : മുഹമ്മദ് അഷ്റഫ്. സി (estimate rate)<br>ബിൽ 114/23.3.2019<br>തുക 226912<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 60 /17-18 | 1.709m3 | 9302 | 10148 | 846 |
| 2 | MPGUP സ്കൂൾ നവീകരണം (238/19) | 5.42m3 | 29502 | 32184 | 2682 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ : മുഹമ്മദലി.പി (estimate rate)<br>ബിൽ 21/28.9.2018<br>തുക 43600<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 130 /17-18 | | | | |
| 3 | കണിപ്പറമ്പ അംഗനവാടി പുരോഗമനം (204/19)<br>കരാറുകാരൻ : മുഹമ്മദലി.പി (estimate rate)<br>ബിൽ 18/14.09.2018-150000<br>19/14.09.2018- 50000<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 103 /17-18 | 2.05m3 | 11158 | 12173 | 1015 |
| 4 | പി.എച്ച്.സി.യിൽ ഫീഡിങ്ങ് റൂം നിർമാണം. (230/19)<br>കരാറുകാരൻ : മുഹമ്മദ് ഹാഫിഖ്. (estimate rate)<br>ചെക്ക് :2119062/27.3.2019-175247<br>2119063/27.3.2019-7302<br>കോസ്റ്റ് ഇൻഡക്സ് 37.25%<br>അളവ് പുസ്തകം 77 /17-18 | 1.948m3 | 10603 | 11567 | 964 |
| | ആകെ | | | | 5507 |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08/08/2019 മുതൽ 09/08/2019 വരെ | KSAMPM22/1025/19/24.8.2019 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റമെന്റ്,റസീറ്റ് ആന്റ് പേയ്മെന്റ്സ്റ്റേറ്റമെന്റ് ,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| മങ്കട ബ്ലോക്ക് പഞ്ചായത്ത് | 127500 | നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി(പ്രൊജക്ട് നം 22/19 | 127500 | 0 |
| | 587865 | ലൈഫ് ഭവനപദ്ധതി പ്രകാരംഭൂമിയുള്ള ഭവനരഹിതർക്ക് വീടു നൽകൽ(പ്രൊജക്ട് നം49/19) | 0 | 587865 |
| | 250000 | ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് നൽകൽ(പ്രൊജക്ട് നം40/19) | 250000 | 0 |
| | 50000 | ക്ഷീരസംഘം വഴി നൽകുന്ന പാലിന് സബ്സിഡി(പ്രൊജക്ട് നം 12/19) | 50000 | 0 |
| | 200000 | ചുവന്ന പറമ്പ് പട്ടികജാതി കോളനി സംരക്ഷണം(പ്രൊജക്ട് നം57/19) | 196748 | 3252 |
| | 200000 | പറമ്പാടത്ത് കോളനി സംരക്ഷണം(പ്രൊജക്ട് നം59/19) | 0 | 200000 |
| | 200000 | കാച്ചിനിക്കാട് വട്ടപറമ്പ് കുടിവെള്ള പദ്ധതി(പ്രൊജക്ട് നം212/19) | 0 | 200000 |
| | 200000 | പാറക്കടവ് കുടിവെള്ള പദ്ധതി(പ്രൊജക്ട് നം226/19 | 0 | 200000 |
| | 200000 | പി. എച്. സി. യിൽ മാതൃ സൌഹൃദ മുലയൂട്ടൽ കേന്ദ്രവും അടിസ്ഥാന സൌകര്യങ്ങളും ഏർപ്പെടുത്തൽ(പ്രൊജക്ട് നം.230/19 | 182549 | 17451 |
| | 100000 | ബഡ്സ് സ്കൂൾ മെയിന്റനൻസ്(പ്രൊജക്ട് നം.231/19 | 96696 | 3304 |
| | 150000 | പാറമ്മത്തൊടി കോളനി സംരക്ഷണം(പ്രൊജക്ട് നം.281/19 | 150000 | 0 |
| | 150000 | അമ്പലക്കുത്ത്-ഇറിക്കപറമ്പ് റോഡ് സൈഡ് സംരക്ഷണം 240/19 | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 340380 | ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് വീട് | 0 | 340380 |

| | | നൽകൽ.പ്രൊജക്ട്നം.49/19 | | |
|---|---|---|---|---|

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | മൂർക്കനാട് കുടിവെള്ളപദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നം 18/19) | 17/15.11.18 | 820000 | 820000 | 0 |
| GWD | സ്കൂളുകളിൽ കുടിവെള്ളസൌകര്യം ഏർപ്പെടുത്തൽ(പ്രൊജക്ട് നം 102/19) | 10/12.7.18 | 115000 | 115000 | 0 |
| GWD | വിവിധ അംഗനവാടികൾക്ക് കുടിവെള്ള സൗകര്യം(പ്രൊജക്ട് നം 136/19) | 30/8.3.19<br>12/13.8.18 | 84000<br>187000 | 271000 | 0 |
| GWD | കരുവള്ളികുളമ്പകുടിവെള്ള പദ്ധതി കുഴൽകിണർനിർമാണം(പ്രൊജക്ട് നം 157/19) | 21/20.12.18 | 67000 | 0 | 67000 |
| GWD | എറുമ്പത്ത്കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമാണം(പ്രൊജക്ട് നം 170/19) | 22/12.1.19 | 29490 | 0 | 29490 |
| KWA | അയ്യപ്പറമ്പ് കുടിവെള്ള പദ്ധതി (പ്രൊജക്ട് നം 171/19) | 23/11.11.18 | 41,020 | 0 | 41,020 |
| KWA | മൂക്കനാട് കുടിവെള്ള പദ്ധതി (പ്രൊജക്ട് നം 250/19) | 18/20-12-18 | 100000 | 0 | 10000 |
| KWA | പോത്തുകുന്ന് ജി.എൽ.പി.എസിന് കുഴൽ കിണർ (പ്രൊജക്ട് നം 282/19) | 25/19-12-18 | 47900 | 0 | 47900 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്.

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| എം എൻ ലക്ഷം | 126466/db/15/lsgd തീയതി 31-03-15 | 1470000.00 | 650000.00 | 300000.00 | 32045.00 | 350000.00 |

| | | | | | | |
|---|---|---|---|---|---|---|
| വീട് പുനർ നിർമാണം | | | | | | |
| ലൈഫ് മിഷൻ ഭവന നിർമാണം | ജി ഒ എം എസ്2278/db/15/lsgd തീയതി 18-08-18 | 992266 | 992266 | 0 | 0 | 992266 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000.00 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| സ്ഥിരനിക്ഷേപം MDC ആശുപത്രി | 5000.00 | 853/10.12.93 |

## 4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച 2500 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-2(2) | 2500 | ടോമി ജോൺ | 118120101380/24.7.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 47 | 2002-03 | കാചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 49 | 2002-03 | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 60-1 | 2002-03 | പാറക്കടവ് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | |
|---|---|---|---|---|
| 2000-01 | 62-2 | 2002-03 | കാഞ്ഞാംപാടം ജലസേചന പദ്ധതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 63-1 | 2002-03 | തടത്തിൽകുണ്ട് പിലാപ്പറമ്പ് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 64 a,b | 2002-03 | ചോലക്കൽ കുളമ്പേ് റോഡ് ടാറിംഗ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 70 | 2002-03 | പൊള്ളോട്ട് ചിറമണ്ണ് സംരക്ഷണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | പൊതു പരാമർശം | 2002-03 | മാരാത്ത് കുളമ്പ് റോഡ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | പൊതു പരാമർശം | 2002-03 | ജലസേചന പദ്ധതി | |

# 4-9 തീർപ്പാക്കാനവശേഷിക്കുന്ന ചാർജ് സർചാർജ് നടപടികളുടെ വിവരം.

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 00-01 | 29,31(a) | ശ്രീമതി പ്രേമലത | LF19478/sol cell/sc5/04/30-1-17 | 2190 | Rs 2119 Rt 78076/12/3-5-17 | | | | 2119 | 71 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോ ർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാ ദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാ ക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാ രങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയ തിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 98-99 | 29,32 | ശ്രീമതി കെ എസ് വൽസമ്മ | LF 19756 /Spl cell /SC/5/ 03/ 19-4-04 | 976 | - | - | - | - | - | - | ലഭ്യമല്ല |
| 2 | 98-99 | 33,35 | പി സുകുമാരൻ | LF 19756/ Spl | 4776 | | | | | | 4766 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | cell/SC/5/03/ 19-4-04 | | | | | | | | |
| 3 | 99-00 | 38(1),40 | ശ്രീമതി കെ എസ് വൽസമ്മ | LF 741 /Spl cell /SC/06/ 8-7-08 /11-7-08 | 21154 | | | 21154 | | | 21154 | OP 219/18 OP allowed 30-11-17 |
| 4 | 99-00 | 32 | ശ്രീമതി മനബായി | LF 741/ Spl cell/ SC/06/ 1-10-18 | 5913 | | | | | | 5913 | |
| 5 | 02-03 | 10,17, 12(1) | ശ്രീമതി പ്രേമലത കെ | LF 22241 /Spl cell/sc 5/05 | 4652 | | | | | | 4652 | |
| 6 | 97-98 | 32-2, 33,34(4), (5),35, 36(5), 42, 45,46, 50,51, 52,53, 54,55. | പി സുകുമാരൻ സെക്രട്ടറി | LF16691 /spl cell /sc5/04/ 31-12-15 | 127344 | | | | | | 127344 | |
| 7 | 02-03 | 10,12 (1),17 | എ എം മുഹമ്മദ് ബഷീർ സെക്രട്ടറി | LF22241 /spl cell/sc 5/05/ 3-2-09 | 216,1296,3140 | 1512(Rt 3992/17/7-3-16 | | | | 1512 | 3140 | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 62254135 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53996363 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11730 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26,31,367 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 6223 | ശ്രീമതി.വിമല.പി.പി.അസി. എഞ്ചിനിയർ |
| 3-2 | | 5507 | ശ്രീമതി.വിമല.പി.പി അസി. എഞ്ചിനിയർ |
| ആകെ | | 11730 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1961410 | 500000 -ശ്രീ. സി.പി.രാജീവൻ, സെക്രട്ടറി |
| | | 1461410-ശ്രീ. പി.കെ.രാജീവ്, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-17 | 22480 | ശ്രീ.യൂസഫ് അറയ്ക്കൽ, ഹെഡ്മാസ്റ്റർ |
| 1-18 | 397484 | ശ്രീ.യൂസഫ് അറയ്ക്കൽ, ഹെഡ്മാസ്റ്റർ |
| 1-25 | 83707- | ശ്രീ.മുജീബ് റഹ്മാൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-38 | 65619 | ഡോ. ബിന്ദു ശശിധരൻ മെഡി. ഓഫീസർ (പി.എച്ച്.സി) |
| 1-39 | 100667 | ഡോ. ബിന്ദു ശശിധരൻ മെഡി. ഓഫീസർ (ആരോഗ്യം) |
| ആകെ | 26,31,367 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിമല.പി.പി.അസി. എഞ്ചിനിയർ | എൽ.എസ്.ജി.ഡി. സെക്ഷൻ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് | നവനീത് അപ്പാർട്ട് മെന്റ്സ്<br>പട്ടാമ്പി റോഡ്<br>പെരിന്തൽമണ്ണ<br>മലപ്പുറം ജില്ല. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 | |
| 1997-98 | LFM-14/1475/01/28.10.10 | 15 | |
| 1999-00 | LFM-14/1477/01/28.10.10 | 12 | |
| 2000-01 | LFM-14/720/02/28.10.10 | 12 | |
| 2001-02 | LFM-11/1545/02/28.10.10 | 1 | |
| 2002-03 | LFM-11/965/04/28.10.10 | 2 | |
| 2003-04 | LFM-11/231/05/28.10.10 | 1 | |
| 2004-05 | LFM-12/1895/08/28.10.10 | 3 | |
| 2005-06 | LFM-12/948/11/3.8.11 | 6 | |
| 2006-07 | LFM-17/1758/(2)/10/23.10.10 | 9 | |
| 2007-08 | LFM-12/1534/11/13.9.11 | 15 | |
| 2008-09 | LFM-12/1535/11/13.9.11 | 10 | |
| 2009-10 | LFM-13/777/13/5.6.2013 | 22 | |

| | | | |
|---|---|---|---|
| 2010-11 | | | |
| 2011-12<br>2012-13 | KSAMPM-13/1145/2014/3.7.14 | 16 | |
| 2013-14<br>2014-15 | KSAMPM-13/1145/2014/3.7.14 | 6 | |
| 2015-16 | KSAMPM-13/16/2017 /5-02-17 | 11 | |
| 2016-17 | KSAMPM-13/1293/2017 /16.06.2017 | 12 | |
| 2017-18 | KSAMPM-22/584/2019 /25.3.2019 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിററ് വകുപ്പ്

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.22/1025/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി.24.8.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) ,2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും,പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും,22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 വാർഷിക കണക്കുകൾ ശരിയായവിധത്തിൽ സൂക്ഷിയ്ക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്